**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1734** **16.03.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്**

## നഗരസഭാ ജീവനക്കാരുടെ പി.എഫ്.

**ചോദ്യം** **ഉത്തരം**

**ശ്രീ. മോൻസ് ജോസഫ്**

**ശ്രീ. മഞ്ഞളാംകുഴി അലി**
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി

| | | | |
|---|---|---|---|
| (എ) | നഗരസഭാ ജീവനക്കാരുടെ ഏതുവർഷം വരെയുള്ള പി.എഫ്. ക്രഡിറ്റ് കാർഡ് നൽകിയിട്ടുണ്ട്; ഇതുവരെ എത്ര പേർക്ക് നൽകിയിട്ടുണ്ട്; കാർഡ് നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | കൊച്ചി നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരുടെ 2008-09 വരെയുള്ള ക്രഡിറ്റ് കാർഡ് പൂർണ്ണമായും നൽകിയിട്ടുള്ളതാണ്. മറ്റ് നഗരസഭകളിലെ കണ്ടിജന്റ് ജീവനക്കാർക്ക് ക്രഡിറ്റ് കാർഡ് നൽകിയതിന്റെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. കേരളത്തിലെ നഗരസഭകളിലെ റഗുലർ വിഭാഗം ജീവനക്കാർക്ക് ക്രഡിറ്റ് കാർഡ് നൽകുന്നതിന് പ്രൊവിഡന്റ് ഫണ്ട് വിഭാഗത്തിൽ കാലാകാലങ്ങളായി ജീവനക്കാരുടെ അഭാവവും ക്രഡിറ്റ് കാർഡ് തയ്യാറാക്കുന്നതിന് ആധുനിക കമ്പ്യൂട്ടർ സംവിധാനം നിലവിലില്ലാത്തതുമാണ് നഗരസഭാ ജീവനക്കാർക്ക് ക്രഡിറ്റ് കാർഡ് നൽകാത്തതിനുള്ള കാരണം. കൂടാതെ ക്രഡിറ്റ് കാർഡ് തയ്യാറാക്കുന്നതിനായി പുതിയ സോഫ്റ്റ് വെയർ ഉണ്ടാക്കുന്നതിന് ഐ.കെ.എമ്മിനെ ചുമതലപ്പെടുത്തിയിട്ടുണ്ട് . ടി സോഫ്റ്റ്വെയർ ലഭിച്ചാൽ ഉടൻതന്നെ ക്രഡിറ്റ് കാർഡ് നൽകുന്നതിനുള്ള സത്വര നടപടികൾ ആരംഭിക്കുന്നതാണ്. |
| (ബി) | ഇവരുടെ പി.എഫ്. തുകയ്ക്ക് പലിശ എത്ര ശതമാനം നിരക്കിലാണ് നൽകുന്നത്; | (ബി) | ജി.പി.എഫ്. ന് അനുവദിക്കുന്ന നിരക്കിലാണ് നഗരസഭാ ജീവനക്കാർക്കും പി.എഫ്. തുകയ്ക്ക് പലിശ നൽകി വരുന്നത്. |

| | | | |
|---|---|---|---|
| (സി) | പി.എഫ്. സെക്ഷനിൽ വേണ്ടത്ര ജീവനക്കാർ നിലവിലുണ്ടോ; എത്ര ജീവനക്കാരുടെ അഭാവമാണ് ഇവിടെ ഉള്ളത്; | (സി) | നിലവിൽ പി.എഫ്. വിഭാഗത്തിൽ 13 സെക്ഷനുകൾ ഉള്ളതിൽ 10 സെക്ഷനിൽ മാത്രമേ ക്ലാർക്കുമാർ നിലവിലുള്ളൂ. മൂന്നുപേരുടെ അഭാവമുണ്ട്. |
| (ഡി) | പി.എഫ്. പോസ്റ്റിംഗ് നടത്തുന്നതിന് ആധുനിക കംമ്പ്യൂട്ടർ സംവിധാനം ഉപയോഗപ്പെടുത്താറുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള പ്രധാന തടസ്സം വ്യക്തമാക്കുമോ? | (ഡി) | നഗരസഭകളിൽ നിന്നും നഗരകാര്യ ഡയറക്ടറേറ്റിൽ ലഭിക്കുന്ന സ്റ്റേറ്റ്മെന്റുകൾ നഗരകാര്യ ഡയറക്ടറുടെ പി.എഫ് സെക് ഷനിൽ നിന്നും നേരിട്ട് ഡാറ്റാ എൻട്രി നടത്തുന്നതിന് വേണ്ടിയുള്ള സൗകര്യം ഉൾപ്പെടുത്തി പുതിയ സോഫ്റ്റ്വെയർ ലഭ്യമാക്കുന്നതിന് ഐ.കെ.എം. നോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. ആയത് ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| | നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ക്രഡിറ്റ് കാർഡ് അനുവദിച്ചിട്ടുള്ള നഗരസഭകളുടെ പേര് | സാമ്പത്തിക വർഷം |
|---|---|---|
| 1) | കൊച്ചി | 2008-2009 വരെ |
| 2) | കാഞ്ഞങ്ങാട് | 2006 മാർച്ച് വരെ |
| 3) | തിരുവല്ല | 2006 മാർച്ച് വരെ |
| 4) | തളിപ്പറമ്പ് | 2006 മാർച്ച് വരെ |
| 5) | അടൂർ | 2006 മാർച്ച് വരെ |
| 6) | കാസർഗോഡ് | 2006 മാർച്ച് വരെ |
| 7) | കൂത്തുപറമ്പ് | 2006 മാർച്ച് വരെ |
| 8) | തലശ്ശേരി | 2006 മാർച്ച് വരെ |
| 9) | വടകര | 2006 മാർച്ച് വരെ |
| 10) | കൽപറ്റ | 2006 മാർച്ച് വരെ |
| 11) | പത്തനംതിട്ട | 2006 മാർച്ച് വരെ |
| 12) | പയ്യന്നൂർ | 2006 മാർച്ച് വരെ |
| 13) | കൊയിലാണ്ടി | 2006 മാർച്ച് വരെ |
| 14) | മട്ടന്നൂർ | 2006 മാർച്ച് വരെ |
| 15) | പാലക്കാട് | 1999-2000 |
| 16) | ചേർത്തല | 2003-2004 |
| 17) | മാവേലിക്കര | 2003-2004 |
| 18) | കുന്നംകുളം | 2003-2004 |
| 19) | പെരുമ്പാവൂർ | 2002-2003 |
| 20) | നോർത്ത് പരവൂർ | 2003-2004 |
| 21) | തൃപ്പൂണിത്തുറ | 2005-2006 |
| 22) | കളമശ്ശേരി | 2003-2004 |
| 23) | മൂവാറ്റുപുഴ | 2003-2004 |
| 24) | തൊടുപുഴ | 2003-2004 |
| 25) | വൈക്കം | 2003-2004 |
| 26) | അങ്കമാലി | 2003-2004 |
| 27) | കോതമംഗലം | 2003-2004 |
| 28) | പാലാ | 2003-2004 |